മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ച് തമിഴ് നാട് നൽകിയ സത്യവാങ്മൂലം

172 (3607) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന് ഭീകരസംഘടനകളുടെ ഭീഷണിയുണ്ടെന്ന ഇന്റലിജൻസ് റിപ്പോർട്ട് തമിഴ് നാട് സർക്കാർ സുപ്രീംകോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന സർക്കാരിന് പ്രസ്തുത ഇന്റലിജൻസ് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരാമർശവിഷയവുമായി ബന്ധപ്പെട്ട ചില വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തമിഴ്നാട് സുരക്ഷ മുതലായ കാര്യങ്ങളുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത ഇടക്കാല ഹർജിയിന്മേലുള്ള അഡീഷണൽ അഫിഡവിറ്റിനോടൊപ്പം കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ സുരക്ഷാ പരിശോധനസംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ഹാജരാക്കിയിരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ 2014 സെപ്റ്റംബർ 16 മുതൽ 18 വരെയുള്ള തീയതികളിൽ മുല്ലപ്പെരിയാർ അണക്കെട്ടിലും പെരിയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിലും നടത്തിയ സുരക്ഷാ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ്, റിപ്പോർട്ട് രഹസ്യരേഖയായി സൂക്ഷിക്കണമെന്ന നിർദ്ദേശത്തോടെ സംസ്ഥാന ചീഫ് സെക്രട്ടറിക്കും ലഭ്യമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ, കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയിൽനിന്ന് ലഭിച്ച റിപ്പോർട്ട് പരിശോധിച്ചിരുന്നു. കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ മുല്ലപ്പെരിയാറിൽ സുരക്ഷാ പരിശോധന നടത്തുന്ന വിവരം സംസ്ഥാന സർക്കാരിനെയോ ബന്ധപ്പെട്ട ഉന്നതതല ഉദ്യോഗസ്ഥരെയോ മുൻകൂറായി അറിയിക്കാതിരുന്നതും സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിനിധീകരിച്ചുള്ള ഉദ്യോഗസ്ഥരുടെ അഭാവത്തിൽ സുരക്ഷാപരിശോധന നടത്തിയ നടപടി ന്യായീകരിക്കത്തക്കതല്ലെന്നും കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. മുല്ലപ്പെരിയാറിലെ അണക്കെട്ടിന്റെ സുരക്ഷയ്ക്കായി കേന്ദ്രസേനയെ നിയോഗിക്കേണ്ട യാതൊരുവിധ സാഹചര്യവും നിലനിൽക്കുന്നില്ലായെന്നും ഇതിലേയ്ക്കായുള്ള തമിഴ്നാടിന്റെ വാദഗതികൾ പരിഗണനാർഹമല്ലെന്നും കേന്ദ്രസർക്കാരിനെ അറിയി ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ബഹു. മുഖ്യമന്ത്രി വിശദവിവരങ്ങൾഅറിയിച്ചുകൊണ്ട് ബഹു. കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിക്ക് വിശദമായ കത്ത് നൽകിയിട്ടുണ്ട്.

മുല്ലപ്പെരിയാർ അണക്കെട്ടിനുള്ള തീവ്രവാദി ഭീഷണി

173 (3608) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതിയും വിശദമാക്കുമോ ;

(ബി) മുല്ലപ്പെരിയാറിന് തീവ്രവാദ ഭീഷണയുണ്ടെന്ന് കാണിച്ച് തമിഴ് നാട് സർക്കാർ ഇന്റലിജൻസ് ബ്യൂറോയുടെ റിപ്പോർട്ട് സുപ്രീം കോടതിയിൽ സമർപ്പി ച്ചിട്ടുള്ളതിനെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്ത മാക്കുമോ ?

ഉത്തരം

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് മുന്നോടിയായി പദ്ധതിയുടെ സാദ്ധ്യതാ റിപ്പോർട്ടും വിശദമായ പദ്ധതി റിപ്പോർട്ടും (Feasibility and Detailed Project Reports) തയ്യാറാക്കി എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പി ക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള സ്ഥലം കൈമാറ്റം ചെയ്തു കിട്ടുന്നതിനുമുമ്പ് വനം പരിസ്ഥിതി വകുപ്പുകളുടെയും നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടേയും അംഗീകാരം ലഭിക്കേണ്ടതായിട്ടുണ്ട്. പ്രാരംഭ നടപടിയെന്ന നിലയിൽ ഒരംഗീകൃത ഏജൻസിയെക്കൊണ്ടുതന്നെ പരിസ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly